പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 930 **14-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ പെരുന്ന-മുക്കാട്ടുപടി റോഡിൽ പൈപ്പ് മാറ്റുന്നതിന് കിഫ്ബിയിൽ നിന്ന് കെ.ആർ.എഫ്.ബി.ക്ക് ധനാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറും കിഫ്ബി, കെ.ആർ.എഫ്.ബി. അധികൃതരും തമ്മിൽ പ്രസ്തുത പദ്ധതിയുടെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

മറുപടി: പെരുന്ന - മുക്കാട്ടുപടി റോഡിൽ കാലപ്പഴക്കം ചെന്ന് നിരന്തരം പൊട്ടുന്ന 4 പൈപ്പ് ലൈനുകളാണുള്ളത് അവ താഴെപ്പറയുംവിധമാണ്.

1.തുക്കൊടിത്താനം ബൂസ്റ്റിംഗ് സ്റ്റേഷനിലേയ്ക്കുള്ള 150mm AC പൈപ്പ് ലൈൻ

2. പായിപ്പാട് ഡിസ്ട്രിബ്യൂഷൻ ലൈനിന്റെ ഭാഗമായുള്ള 150mm AC പൈപ്പ് ലൈൻ

3. ഫാത്തിമാപുരം ഡിസ്ട്രിബ്യൂഷൻ ലൈനിന്റെ ഭാഗമായ 100mm AC പൈപ്പ് ലൈൻ

4. കണ്ണനാട്ടുകുളം ഭാഗത്തേയ്ക്കുള്ള 110mm HDPE പൈപ്പ് ലൈൻ

ഇതിൽ തുക്കൊടിത്താനം ബൂസ്റ്റിംഗ് സ്റ്റേഷനിലേയ്ക്കുള്ള 150mm AC പൈപ്പ് ലൈൻ മാറുന്നതിന് TRANS -WRD -005-123 എന്ന നമ്പറിൽ കിഫ്ബിയിൽ 21.05.2018 ൽ ഭരണാനുമതി ലഭ്യമായിരുന്നു എന്നാൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവർത്തി ആരംഭിക്കാൻ തുടങ്ങിയപ്പോൾ പ്രസ്തുത പ്രദേശത്ത് റോഡ് വീതി കൂട്ടുന്ന പ്രവർത്തികൾ നടത്തിയതിന് ശേഷം പൈപ്പ് ഇട്ടാൽ മതിയെന്ന പൊതുമരാമത്ത് വകുപ്പിന്റെ നിലപാട് മൂലം കരാർ പ്രകാരമുള്ള പ്രവർത്തി ചെയ്യാൻ സാധിച്ചില്ല തുടർന്ന് കിഫ്ബിയുടെ നിർദ്ദേശപ്രകാരം പ്രവർത്തി 20.11.2021 ൽ foreclose ചെയ്തു. ബാക്കിയുള്ള പൈപ്പുകൾ മാറുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പുനരുദ്ധാരണ പ്രവർത്തിയുടെ ഭാഗമായി യൂട്ടിലിറ്റി ഷിഫ്റ്റിംഗിൽ ഉൾപ്പെടുത്തി 05.12.2019 ൽ കവിയൂർ-തോട്ടഭാഗം മുതൽ ചങ്ങനാശ്ശേരി പെരുന്ന വരെയുള്ള ഭാഗത്തെ പൈപ്പ് ലൈൻ മാറുന്നതിന് 5.50 കോടി രൂപ പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുകയും അതിൻപ്രകാരം ടെൻഡർ നടപടികൾ പൂർത്തിയാക്കി 23.01.2020 ൽ കരാർ ഉറപ്പിക്കുകയും ചെയ്തു. ഈ സമയം പൊതുമരാമത്ത് വകുപ്പ് പ്രസ്തുത റോഡ് KRFB ക്ക് കൈമാറിയിട്ടുമുണ്ട്. ഈ പ്രവർത്തിയിൽ തോട്ടഭാഗം മുതൽ മുക്കാട്ടുപടി വരെയുള്ള എല്ലാ പൈപ്പുകളും മാറ്റി സ്ഥാപിച്ചു എന്നാൽ റോഡിന്റെ വീതി കുറവായതിനാൽ carriage way യിൽ പൈപ്പ് ഇടാൻ പാടില്ല എന്ന നിലപാടിൽ റോഡ് നിർമ്മാണ ഏജൻസികൾ (KRFB) അനുമതി നൽകിയില്ല. സ്ഥലം

ഏറ്റെടുപ്പ് ജോലികൾ പൂർത്തിയാക്കിയതിന് ശേഷം berm ഭാഗത്ത് പൈപ്പ് ഇടാൻ അനുമതി നൽകാമെന്നാണ് അറിയിച്ചത്. എന്നാൽ സ്ഥലം ഏറ്റെടുപ്പ് ജോലി പൂർത്തീകരിച്ചുമില്ല ഇതിനിടെ റോഡ് റെസ്റ്റോറേഷൻ ചാർജ് KRFB യിൽ ഒടുക്കിയാൽ അനുമതി നൽകാമെന്ന ധാരണയെത്തുടർന്ന് 21.02.2022 ൽ 36,11,800 രൂപ KRFB യിൽ CEO KRFB എന്ന പേരിൽ ചെക്ക് മുഖേന ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറിറി കരാറുകാരൻ പ്രസ്തുത കരാറിൽ നിന്ന് ഒഴിവാക്കണമെന്ന് കാട്ടി നിരവധി കത്തുകൾ നൽകിയിട്ടും ഒഴിവാക്കാതെ 31.03.2025 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. തുടർന്നും 31.12.2026 വരെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്.

പ്രസ്തുത പദ്ധതിയുടെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും കിഫ്ബി, കെ. ആർ. എഫ്. ബി. അധികൃതരും തമ്മിൽ ചർച്ച നടത്താവുന്നതാണ്.

(ബി) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ ആവണി ജംഗ്ഷനിൽ അമൃത് കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിന് എച്ച്.ഡി.ഡി.-ക്ക് പകരം ഓപ്പൺ ട്രെഞ്ച് വഴി പൈപ്പ് ക്രോസ് ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സം പരിഹരിക്കാൻ കെ.എസ്.ടി.പി. അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത റോഡിൽ ഓപ്പൺ ട്രെഞ്ചിലൂടെ പൈപ്പ് ക്രോസ് ചെയ്യുന്ന വിഷയത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി കാരണം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ ആവണി ജംഗ്ഷനിൽ പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 20.08.2026-ൽ കേരളാ വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പറുടെ നേതൃത്വത്തിൽ കെ എസ് റ്റി പി അധികൃതരുമായി ചർച്ച നടത്തിയിരുന്നു. ഇതിൽ, open excavation പ്രവർത്തിയിലൂടെ ആവണി ജംഗ്ഷനിൽ ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് ക്രോസ്സ് ചെയ്ത് പൈപ്പ് ഇടുന്നതിന് എതിർപ്പ് ഇല്ലായെന്നും എന്നാൽ റോഡ് പുനരുദ്ധാരണ പ്രവർത്തി ഏകദേശം പൂർത്തീകരിച്ചതിനാൽ റോഡിന്റെ finishing സ്റ്റേജിലുള്ള ഫോർമാലിറ്റീസിന് ശേഷം കേരളാ വാട്ടർ അതോറിറ്റിയുടെ സൂപ്പർവിഷനിൽ റോഡ് ക്രോസ്സ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിന് സമ്മതമാണെന്നും കെ. എസ്. റ്റി. പി. ചീഫ് എഞ്ചിനീയർ അറിയിച്ചു. ആയതിന്, ടി പ്രവർത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരായ ഊരാളുങ്കൽ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി (ULCCS) സമ്മതിച്ചിട്ടുണ്ട്.

(സി) കടമാഞ്ചിറയിൽ പൈപ്പ് ഇടുന്നതിനായി കുഴിച്ച റോഡിന്റെ പ്രശ്നബാധിതമായ ഭാഗങ്ങൾ പൂർവസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ചൂളപ്പടി-രേവതിപ്പടി റോഡിൽ പൈപ്പ് സ്ഥാപിക്കാൻ പാറ പൊട്ടിച്ചിട്ടിരിക്കുന്നത് മൂലം ഉണ്ടാകുന്ന ഗതാഗതതടസ്സം പരിഹരിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; പൊതുജനങ്ങളുടെ യാത്രാബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തരമായി എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> ചൂളപ്പടി-രേവതിപ്പടി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 120 മീറ്റർ നീളം പാറ പൊട്ടിക്കേണ്ടതുണ്ട്. നിലവിൽ 80 മീറ്റർ പാറ പൊട്ടിക്കൽ പ്രവൃത്തി നടന്നിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ ബാക്കിയുള്ള ഭാഗത്തെ പാറ പൊട്ടിക്കൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത റോഡിൽ യാത്രാബുദ്ധിമുട്ട് പരിഹരിക്കുവാൻ ബ്രാഞ്ച് റോഡുകൾ വഴി ഗതാഗതം ക്രമീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന റോഡിൽ കാൽനട യാത്രക്കാർക്ക് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമായി മോർക്കുളങ്ങരയിൽ നിർമ്മിക്കുന്ന 22 എം.എൽ.ഡി. ജലശുദ്ധീകരണശാല പദ്ധതിയുടെ ഭാഗമായ ഉന്നതതല സംഭരണികളുടെയും അനുബന്ധ വിതരണ മെയിനുകളുടെയും പ്രവൃത്തികൾ പലതവണ ടെൻഡർ ചെയ്തിട്ടും ആരും ഏറ്റെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> ഉണ്ട്.

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റുകൾ DSR അപ്ഡേഷനുമായി ബന്ധപ്പെട്ട്, റീകാസ്റ്റ് ചെയ്ത് ദർഘാസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ചങ്ങനാശ്ശേരി നഗരസഭയിലും പരിസര പ്രദേശങ്ങളിലും പതിറ്റാണ്ടുകൾ പഴക്കമുള്ള പൈപ്പുകൾ തുടർച്ചയായി പൊട്ടി കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് പരിഹരിക്കാൻ അമൃത്/സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി ഇവ പൂർണ്ണമായി ഡി ഐ പൈപ്പുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; ചെറുകരക്കുന്നിൽ നിന്നും പട്ടത്തിമുക്ക് ഭാഗത്തേക്ക് പോകുന്ന 400 എം.എം. പൈപ്പ് മാറ്റി പുതിയ ഡി.ഐ. പൈപ്പ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> ചങ്ങനാശ്ശേരി നഗരസഭയിലും പരിസര പ്രദേശങ്ങളിലും കുടിവെള്ള വിതരണം നടത്തിക്കൊണ്ടിരിക്കുന്ന കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി സാധ്യമാകുന്നിടത്തെല്ലാം ഡി ഐ പൈപ്പുകളും മറ്റിടങ്ങളിൽ 10kg യുടെ PVC പൈപ്പുകളും സ്ഥാപിക്കുന്നതിന് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 3 പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ചെറുകരക്കുന്നിൽ നിന്നും പട്ടത്തിമുക്ക് ഭാഗത്തേക്ക് പോകുന്ന 400 എം.എം. പൈപ്പ് മാറ്റി പുതിയ ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനായി **Annual Plan 2027-28-UWSS to Changanacherry – Replacement of 400 mm Premo pipe with 450 mm DI K9 pipe from West of Railway yard to Pattathimukku** എന്ന പേരിൽ State Plan 2027-28 ൽ ഉൾപ്പെടുത്തി, 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്തയ്യാറാക്കി തുടർനടപടി സ്വീകരിച്ച് വരുന്നു.

(എഫ്) മാടപ്പള്ളി പഞ്ചായത്തിലെ കുടിവെള്ളലഭ്യത ഉറപ്പാക്കുന്നതിനായി നെടുങ്ങാടപ്പള്ളിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 4.5 എം എൽ ഡി ജലശുദ്ധീകരണശാലയുടെ പ്രവൃത്തി പലതവണ ടെൻഡർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; മാടപ്പള്ളിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (ഡബ്ലിയു.റ്റി.പി.) നിർമ്മാണം എന്ന് പുനരാരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റീകാസ്റ് ചെയ്ത് ടെണ്ടർ ചെയ്തിട്ടുണ്ട്. ടെൻഡറിൻമേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ JJM പ്രവർത്തികൾ അവാർഡ് ചെയ്യാൻ അനുമതി ലഭ്യമല്ല. ദർഘാസ് നടപടികൾ പൂർത്തിയാക്കി, അനുമതി ലഭിക്കുന്ന മുറയ്ക്ക് കരാർ നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(ജി) തൃക്കൊടിത്താനം പഞ്ചായത്തിലെ കൊക്കോട്ടുചിറ, പായിപ്പാട് പഞ്ചായത്തിലെ കണ്ണനാട്ടുകുളം എന്നീ സ്രോതസ്സുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് പ്രഷർ ഫിൽറ്ററുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> ജല സ്രോതസ്സുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് അവ വൃത്തിയായി സംരക്ഷിക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ വകുപ്പാണ് അതുപോലെ പ്രഷർ ഫിൽറ്ററുകൾ സ്ഥാപിക്കുന്നതിന്

ത്രിതല പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് പ്രവർത്തി, MP LAD/MLA SDF എന്നിവയിൽ ഏതിലെങ്കിലും ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി സാങ്കേതികാനുമതി നൽകി പ്രവർത്തി നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ